# <u>സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം</u>

## <u>സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി- മെംബർസെക്രട്ടറിയുടെ നടപടി ക്രമങ്ങൾ</u>

**(ഹാജർ: അനുപമ T.V IAS, ഡയറക്ടർ വനിതാ ശിശു വികസന വകുപ്പ്)**

**വിഷയം:** -വനിത ശിശു വികസന വകുപ്പ് - ഐ.സി.പി.എസ് - എസ്.സി.പി.എസ്.- തിരുവനന്തപുരം കുമാരി ദുർഗ്ഗാ റാം ന് ബാലനിധി ധനസഹായം ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു.

**പരാമർശം:**–1.തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെ കത്ത് നം:DCPO/T/D1/1250/20 തീയതി:25.11.2020

### <u>*ഉത്തരവ് നമ്പർ*-ICPS-4(A)/2690/20 *തീയതി:* 17.12.2020</u>

തിരുവനന്തപുരം കരമന മേലാറന്നൂർ പാർവതി നിവാസില് പി.സീതാരാമൻ-കല എന്നീ ദമ്പതികളുടെ മൂത്ത മകളായ ദുർഗ്ഗാ റാംന് ശരീരത്തിലെ അസ്ഥികൾ പൊടിയുന്ന രോഗാവസ്ഥയായ Hereditary sensory motor neuropathy കാരണത്താൽ വിവിധ ആശുപത്രികളിലായി നിലവിൽ ചികിത്സയിലാണ്. കുട്ടിക്ക് ഒരു മാസം ഫിസിയോതറാപ്പിക്കും മരുന്നുകൾക്കും ഉൾപ്പടെ 5000/- രൂപ ചെലവ് വരുന്നതായി ഡോക്ടർ ശുപാർശ ചെയ്തിട്ടുണ്ട്.ആയതിനാൽ കുട്ടിയുടെ ചികിത്സക്കായി 15 മാസം ചിലവാക്കുന്ന തുകയായ 75,000/- രൂപ അനുവദിച്ച് നൽകണമെന്ന് തിരുവനന്തപുരം ജില്ലാ ശിശു സംരക്ഷണ ഓഫീസർ മേൽ പരാമർശം പ്രകാരം അറിയിച്ചിട്ടുള്ളതുമാകുന്നു.

ഈ സാഹചര്യത്തിൽ **ബാലനീതി നിയമ പ്രകാരം ശ്രദ്ധയും സംരക്ഷണവും ആവശ്യമായ വിഭാഗത്തിലുള്ള** തിരുവനന്തപുരം കരമന മേലാറന്നൂര് പാർവതി നിവാസിൽ പി.സീതാരാമൻ-കല എന്നീ ദമ്പതികളുടെ മൂത്ത മകളായ ദുർഗ്ഗാ റാംന് കുടുംബത്തിന്റെ നിലവിലെ സാഹചര്യം പരിഗണിച്ച് ചികിത്സാ ധനസഹായമായി ആകെ 75,000/- രൂപ (എഴുപത്തി അയ്യായിരം രൂപ മാത്രം) ജെ.ജെ.ആക്ടിന്റെയും റൂളിന്റെയും പരിധിയിൽ വരുന്ന കുട്ടികളുടെ ക്ഷേമം, സംരക്ഷണം, പുനരധിവാസം എന്നിവ ഉറപ്പാക്കുന്നതിനായി ജുവനൈൽ ജസ്റ്റിസ് ആക്ട് 2015 പ്രകാരം സംസ്ഥാനത്ത് രൂപീകരിച്ചിട്ടുള്ള ബാലനിധി (ജുവനൈൽ ജസ്റ്റിസ് ഫണ്ട്)-ൽ നിന്നും അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

ടി തുക 75,000/- രൂപ (എഴുപത്തി അയ്യായിരം രൂപ മാത്രം)തിരുവനന്തപുരം വനിത ശിശു വികസന ഓഫീസറുടെ പേരിൽ അലോട്ടുമെന്റായി ജെ.ജെ. ഫണ്ടിന്റെ ശീർഷകമായ 2235-02-106-91(P)-യിൽ നിന്നും നൽകാവുന്നതാണ്. വനിത ശിശു വികസന ഓഫീസര് തുക അലോട്ടുമെന്റായി തിരുവനന്തപുരം ജില്ല ശിശുസംരക്ഷണ ഓഫീസർക്ക് നൽകേണ്ടതുമാണ്.

ജില്ലാ ശിശു സംരക്ഷണ ഓഫീസർ തുക കുട്ടിയുടെയോ, കുട്ടിയുടെ രക്ഷകർത്താവിന്റെയോ പേരിലുള്ള ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസഫർ ക്രഡിറ്റ് ചെയ്ത് നൽകേണ്ടതും, തുക കൈപ്പറ്റിയ രസീത്, ധനവിനിയോഗ സാക്ഷ്യപത്രം, എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവ ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)
വനിത ശിശു വികസന ഡയറക്ടർ&
മെംബർ സെക്രട്ടറി,SCPS

വനിത ശിശു വികസന ഓഫീസർ
തിരുവനന്തപുരം

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM- 12
WOMEN & CHILD DEVELOPMENT DEPARTMENT

<u>പകർപ്പ്</u>

1. ജില്ല ശിശു സംരക്ഷണ ഓഫീസർ, തിരുവനന്തപുരം
2. സൂപ്രണ്ട്, A സെക്ഷൻ (അലോട്ട്മെന്റ് നൽകുന്നതിന് വേണ്ടി)
3. ICPS 4
4. സ്റ്റോക്ക് ഫയൽ
5. വെബ്സൈറ്റ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്